സംവാദം

●

സെയ്തലവി തോട്ടുപൊയിൽ

# പരിണാമസിദ്ധാന്തം ശാസ്ത്രവിരുദ്ധം

**പ്രഫ. വി. മുഹമ്മദുമായുള്ള** അഭിമുഖത്തിൽ (ലക്കം 27) ഡാർവിനിസം ഖുർആൻവിരുദ്ധമല്ലെന്നും മുസ്‌ലിംകളിൽനിന്നുതന്നെ ഒരു ഡാർവിൻ ഉണ്ടായിരുന്നെങ്കിൽ എന്നാശിക്കുന്നതും കണ്ടു.

'മുട്ടിയാൽ മുഴങ്ങുന്ന ഒരുതരം കളിമണ്ണിൽനിന്നാണ് ആദമിനെ സൃഷ്ടിച്ച'തെന്ന് ഖുർആൻ ആവർത്തിച്ചുറപ്പിച്ചു പറഞ്ഞിട്ടും പിന്നെയും പരിണാമസിദ്ധാന്തത്തിൽനിന്ന് മനസ്സ് പറിച്ചെടുക്കാൻ കഴിയാത്തതെന്താണ്? പരിണാമസിദ്ധാന്തം അറിയാത്ത ആളുമല്ലല്ലോ പ്രഫസർ.

'അവസാനം മനുഷ്യനെ സൃഷ്ടിച്ചു എന്നു പറയുന്നതും മനുഷ്യനായി വളർന്നു എന്നു പറയുന്നതും തമ്മിൽ വാചകത്തിലും സങ്കൽപത്തിലും വ്യത്യാസമുണ്ടെങ്കിലും വസ്തുതയിൽ വ്യത്യാസമില്ല'- പ്രഫസർ നിരീക്ഷിക്കുന്നു.

എന്താണ് വസ്തുത? എവിടെയാണ് തർക്കം? മനുഷ്യൻ എപ്പോൾ ഉടലെടുത്തു എന്നല്ല, എങ്ങനെ ഉടലെടുത്തു എന്നതാണ് ഡാർവിനിസം (പരിണാമശ്രേണിയുടെ അവസാനത്തെ ഇനമാണ് മനുഷ്യൻ എന്ന വാദവും ഡാർവിനില്ല). എന്നല്ല, മനുഷ്യനടക്കമുള്ള ജന്തുക്കളും മത്സ്യങ്ങളും ഉഭയജീവികളും ഉരഗങ്ങളും പറവകളും എന്നു വേണ്ട പായലുകളും ചെടികളും വൃക്ഷങ്ങളും എങ്ങനെ ആവിർഭവിച്ചു എന്നതാണ് ഡാർവിന്റെ പാഠ്യവിഷയം. മറ്റു ജീവികളും ഇങ്ങനെ തന്നെയാണോ (മണ്ണ് കുഴച്ച്, രൂപമുണ്ടാക്കി അതിൽ ജീവൻ നിക്ഷേപിക്കുക) ഉടലെടുത്തത്? കളിമണ്ണുകൊണ്ട് പക്ഷിയുണ്ടാക്കി അതിലൂതുമ്പോൾ അതൊരു പക്ഷിയായി മാറുന്നു എന്ന ഖുർആന്റെ വിവരണത്തിൽനിന്നും ആദമിനെ സൃഷ്ടിച്ചതുപോലെത്തന്നെയാണ് മറ്റു ജീവികളെയും സൃഷ്ടിച്ചെടുത്തത് എന്നൊരാൾക്ക് വേണമെങ്കിൽ അനുമാനിക്കാവുന്നതാണ്. ഇനി ഒരാൾ പരിണാമത്തിലൂടെയാണ് സസ്യജീവിജാലങ്ങൾ ഉടലെടുത്തത് എന്നു വിശ്വസിച്ചാൽ അത് ഖുർആനിനു 'നേർക്കുനേർ' എതിരാകുമെന്നു തോന്നുന്നില്ല.

ഭൂമിയിൽ സംഭവിക്കുന്ന ഏതിനും ഒരു കാര്യകാരണ ബന്ധം (സബബ്) വെച്ചിട്ടുണ്ട്. സ്വതവേ ദുർബലയും പിന്നെ ഗർഭിണിയുമായ മർയം ബീവിയോട് പ്രസവസമയത്ത് ഈന്തപ്പന പിടിച്ചുകുലുക്കാൻ പറഞ്ഞതിൽനിന്നും, സന്താനത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കപ്പെട്ടപ്പോൾ 'എനിക്കെങ്ങനെയാണൊരു കുഞ്ഞുണ്ടാവുക' എന്ന സകരിയ്യ (അ) ആശ്ചര്യപ്പെട്ടതിൽനിന്നും നാം വായിച്ചെടുക്കേണ്ടത് ഈ സബബുകളുടെ ആവശ്യകതയാണ്.

ഈ സബബുകൾ പൂർത്തിയാക്കാനാകണം ആകാശഭൂമികളുടെ സൃഷ്ടിപ്പിന് അല്ലാഹു മൂന്നു ലക്ഷം വർഷങ്ങൾ എടുത്തത് (അല്ലാഹുവിന്റെ അടുക്കൽ ഒരു ദിവസം നാം എണ്ണുന്ന അമ്പതിനായിരം വർഷങ്ങൾ. അപ്പോൾ ആറു ദിവസം മൂന്നു ലക്ഷം വർഷങ്ങൾ). ആദിമ പൊട്ടിത്തെറിയിലൂടെ പിറവിയെടുത്ത ഭൂമി ഒരു തീഗോളമായിരുന്നുവെന്നും പിന്നെ ലക്ഷക്കണക്കിന് വർഷങ്ങളിലൂടെ അന്തരീക്ഷം രൂപപ്പെടുകയായിരുന്നുവെന്നുമുള്ള ശാസ്ത്രത്തിന്റെ നിഗമനം ശരിവെക്കുന്നതാവാം ഈ വെളിപ്പെടുത്തൽ. മാത്രമല്ല, 'ഭൂമിയെ നാം വിരിപ്പാക്കി-വാസയോഗ്യമാക്കി' എന്നൊക്കെ പറയുമ്പോൾ അത് മുമ്പ് വാസയോഗ്യമായിരുന്നില്ല എന്നു വേണമെങ്കിൽ വായിച്ചെടുക്കാമല്ലോ.

ഭൂമിയിലെ സസ്യങ്ങൾ ഉൾപ്പെടെയുള്ള ജീവജാലങ്ങൾ (മനുഷ്യനൊഴികെ) കാര്യകാരണ ബന്ധങ്ങളിലൂടെ ഉണ്ടായതാണ്, ആദമിനെ പോലെ അല്ലാഹു അവന്റെ ഖുദ്റത്ത് കൊണ്ട് സൃഷ്ടിച്ചതല്ല എന്നു നിരീക്ഷിക്കുന്നത് ഖുർആൻവിരുദ്ധമാകാനിടയില്ല. പക്ഷേ ഒന്നുറപ്പിച്ചു പറയാം; പരിണാമസിദ്ധാന്തം ശാസ്ത്രവിരുദ്ധമാണ്, യുക്തിരഹിതമാണ്. അതിനാലത് ഖുർആൻവിരുദ്ധവുമാണ്.

ഭൂമിയിലെ ജീവജാലങ്ങളുടെ ഉത്ഭവത്തെക്കുറിച്ച് പഠിക്കുന്ന ഒരാൾ ആദ്യമായി ഉത്തരം കണ്ടെത്തേണ്ടത് ഒരു ജീവി എന്തുകൊണ്ട് അതേ വർഗത്തിലുള്ള ജീവിയെ മാത്രം ഉൽപാദിപ്പിക്കുന്നു, അഥവാ എന്തുകൊണ്ട് മറ്റൊരു ജീവിക്ക് ജന്മം നൽകുന്നില്ല എന്ന ചോദ്യത്തിനാണ്. ഇതേക്കുറിച്ച് ചിന്തിക്കാൻ പോലും ഡാർവിന് കഴിഞ്ഞില്ലെന്നതാണ് സങ്കടകരം. ഡാർവിൻ 'ഒറിജിൻ ഓഫ് സ്പീഷീസ്' പുറത്തിറക്കിയത് 1859-ലാണ്. ഒരു മനുഷ്യൻ എന്തുകൊണ്ട് ഒരു മനുഷ്യക്കുഞ്ഞിന് ജന്മം നൽകുന്നു, എന്തുകൊണ്ട് ഒരാട്ടിൻകുട്ടിയെ പ്രസവിക്കുന്നില്ല എന്ന ചോദ്യത്തിന് ഉത്തരം കിട്ടുന്നത് 1890-ലാണ്. പാരമ്പര്യത്തെ കാത്തുസൂക്ഷിക്കുന്ന, മനുഷ്യൻ മനുഷ്യനെത്തന്നെ പ്രസവിക്കാവൂ എന്നു ശഠിക്കുന്ന ഒരു ഘടകം (ജീൻ) ഉണ്ടെന്ന് ലോകമറിയുന്നത് അന്നാണ്. ജെനിറ്റിക് കോഡിലും ക്രോമസോമിന്റെ എണ്ണത്തിലും വ്യത്യാസപ്പെട്ടെങ്കിലേ ഒരു പുതിയ ജീവി ജന്മം കൊള്ളുകയുള്ളൂ എന്നും ബാഹ്യമാറ്റം ക്രോമസോമിനെ ബാധിക്കില്ലെന്നും അന്നാണ് അറിയുന്നത്.

നിലനിൽപിനുവേണ്ടിയുള്ള സമരം, അർഹതയുള്ളവരുടെ അതിജീവനം എന്നിവയിലൂടെ പ്രകൃതി ജീവികളെ സ്വയം തെരഞ്ഞെടുക്കുന്നു എന്നതു ശരിയായിരിക്കാം. പക്ഷേ ഇതിലൂടെ പുതിയൊരു ജീവി ഉടലെടുക്കുന്നു എന്നെങ്ങനെയാണ് പറയാൻ കഴിയുക?

മുറിക്കുള്ളിൽ വെച്ചിരിക്കുന്ന ഒരു ഭക്ഷണപാത്രത്തിൽനിന്നും ഒരേസമയം കോഴികളും താറാവുകളും ഭക്ഷിക്കാൻ വരുന്നു. കോഴികൾ താറാവുകളെ കൊത്തിയാട്ടുന്നു (നിലനിൽപിനു വേണ്ടിയുള്ള സമരം). അതിന്റെ ഫലമായി താറാവുകൾ ഒഴിഞ്ഞുപോവുകയും കോഴികൾക്ക് മാത്രം ഭക്ഷണം കിട്ടുകയും ചെയ്യുന്നു. ഈ നില കാലാതീതമായി തുടർന്നാൽ താറാവുകൾ ഭക്ഷണം കിട്ടാതെ നശിക്കുകയും കോഴികൾ മാത്രം ബാക്കിയാവുകയും ചെയ്യും (അർഹതയുള്ളവരുടെ അതിജീവിക്കൽ). ഇത്രയും മനസ്സിലാ

കുന്നുണ്ട്. ഇതിൽനിന്നും താറാവ് കോഴി ആകുമെന്നോ അത് രണ്ടുമല്ലാത്ത മറ്റൊരു ജീവി ആകുമെന്നോ എന്നെങ്ങനെയാണ് മനസ്സിലാവുക?

ശാസ്ത്രം നിരാകരിച്ച ലാമാർക്കിയൻ സിദ്ധാന്തത്തിൽനിന്ന് വളരെ അന്തരമുള്ള ഒന്നാണോ ഡാർവിൻ സിദ്ധാന്തം? ജിറാഫിന്റെ മുൻഗാമികൾ കഴുത്ത് നീളം കുറഞ്ഞവരായിരുന്നുവെന്നും ഭക്ഷ്യലഭ്യത കുറഞ്ഞപ്പോൾ ഇലകൾക്ക് വേണ്ടി കഴുത്ത് ഏന്തിച്ചുവെന്നും ക്രമേണ ഇന്നുണ്ടായ ജിറാഫുണ്ടായെന്നും ലാമാർക്ക്.

ഓവർ പ്രൊഡക്ഷൻ നടന്നതിനാൽ ആഹാരം, ജലം, വാസസ്ഥലം എന്നിവക്കു വേണ്ടി മത്സരം (നിലനിൽപിനു വേണ്ടിയുള്ള സമരം) നടന്നുവെന്നും പ്രതികൂല സാഹചര്യം തരണം ചെയ്യാൻ കഴിയാത്തവ നശിച്ചുവെന്നും (അർഹതയുള്ളവയുടെ അതിജീവിക്കൽ) നിലനിന്നവയിൽ വ്യതിയാനം ഉണ്ടായി (പക്ഷേ എങ്ങനെ?) എന്നും ഡാർവിൻ.

ചുരുക്കത്തിൽ, ഒരു ജീവിയിൽനിന്നും കാലാന്തരത്തിൽ മറ്റൊരു ജീവി ഉണ്ടാകുന്നു എന്ന് ലാമാർക്ക് പറഞ്ഞപ്പോൾ ഒരു വർഗത്തിലുള്ളത് മറ്റു വർഗത്തിലുള്ളവയെ അതിജീവിക്കുന്നുവെന്നും, അതിജീവിച്ചവരിൽ വ്യതിയാനം ഉണ്ടാകുമെന്നും ഡാർവിൻ പറഞ്ഞുവെക്കുന്നു.

അതിജയിച്ചതിനെയും നശിച്ചതിനെയും കുറിച്ച് ഡാർവിൻ വാചാലനാകുമ്പോൾ പുതിയ ജീവി ഉണ്ടാകാൻ കാരണമായ വ്യതിയാനത്തക്കുറിച്ച് (എന്തിനുണ്ടായി, എങ്ങനെയുണ്ടായി, ഉണ്ടായ വ്യതിയാനം അടുത്ത തലമുറയിലേക്ക് എങ്ങനെ കൈമാറ്റം ചെയ്യപ്പെട്ടു) തീർത്തും മൗനം പാലിക്കുന്നു. *ഒറിജിൻ ഓഫ് സ്പീഷീസ് ബൈ നാചറൽ സെലക്ഷൻ* എന്ന ഡാർവിൻ കൃതിയിൽ ‘ഒറിജിനെ’ക്കുറിച്ചൊന്നും പറയാതെ ‘സ്പീഷീസി’നെക്കുറിച്ച് മാത്രം പറഞ്ഞിട്ടെന്തു കാര്യം (‘ഒറിജിൻ’ ആണല്ലോ ചർച്ചാവിഷയം).

ജൈവവൈവിധ്യത്തിന്റെ കലവറയാണല്ലോ സമുദ്രം. അവിടെ കണ്ടുപിടിച്ചതും അല്ലാത്തതുമായ അനേകായിരം ജീവികളുണ്ട്. ഈ വൈവിധ്യം എങ്ങനെയുണ്ടായി? പ്രകൃതി നിർധാരണത്തിന് കാരണമായി ഡാർവിൻ പറയുന്ന ആഹാരം, വാസസ്ഥലം, ജലം എന്നിവയിൽ എന്തിന്റെ ദൗർലഭ്യതയാണ് സമുദ്രത്തിലുണ്ടായത്?

അടിസ്ഥാനപരമായ ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കുന്നവരുടെ നേർക്കാണ് പഴയ കുറേ ഫോസിലുകൾ എടുത്തു കാണിക്കുന്നത്. ഒരു ജീവിയുടെ ക്രോമസോം സംഖ്യയിലോ ജെനിറ്റിക് കോഡിലോ വ്യത്യാസപ്പെടുത്തി പ്രൊഡക്ടിവിറ്റിയുള്ള പുതിയ ഒരു ജീവിയെ സൃഷ്ടിക്കുകയാണ് വേണ്ടത്. ജീൻ റിപ്പയറിംഗിനുവരെ ശാസ്ത്രം വളർന്നിരിക്കുന്നു. നടക്കുമെങ്കിൽ ബഹിരാകാശ നിലയത്തിലേക്ക് ആളെ അയക്കുന്ന ചെലവോ അധ്വാനമോ ഇല്ലിതിന്.

അല്ലെങ്കിൽ എന്താണീ ഫോസിലുകളുടെ താരതമ്യപഠനം? തിമിംഗലത്തിന്റെയും പക്ഷിയുടെയും ചിറകിന് മനുഷ്യകൈപ്പത്തിയുമായി സാമ്യമുണ്ടെന്നത് ശരി. പരിണാമ സിദ്ധാന്തത്തിനിത് തെളിവാകുന്നതെങ്ങനെയാണെന്നാണ് മനസ്സിലാകാത്തത്. മനുഷ്യന്റെ മുൻഗാമി പക്ഷിയും തിമിംഗലവും ആണെന്ന വാദമെങ്കിലുമുണ്ടെങ്കിലല്ലേ ഈ വാദം തന്നെ ഉന്നയിക്കേണ്ടതുള്ളൂ. പക്ഷിയുടെയും തിമിംഗലത്തിന്റെയും മനുഷ്യന്റെയും പൂർവികർ എന്നോ വഴിപിരിഞ്ഞതാണ്. അവരുടെ പൊതു പൂർവികർ ഉരഗമായിരുന്നോ ഉഭയ ജീവിയായിരുന്നോ (പരിണാമസിദ്ധാന്ത പ്രകാരം) എന്നൊന്നും കണ്ടെത്താനാവില്ല. ആ പൊതു പൂർവികന്റെയും മനുഷ്യന്റെയും ഫോസിലുകളാണ് താരതമ്യ പഠനത്തിനു വിധേയമാക്കേണ്ടത് (പോരാത്തതിന് മനുഷ്യനും മരത്തിനും ഒരു പൊതു പൂർവികൻ ഉണ്ടായിരിക്കുമല്ലോ? അതിനുള്ള തെളിവ് എവിടെനിന്നാണ് കൊണ്ടുവരിക?)

പക്ഷിക്ക് ചിറകുകളും മനുഷ്യനു കൈയും അതിജീവനത്തിനുള്ള ഉപാധികൾ ആണ്. അതിജീവനം ആക്രമണവും പ്രതിരോധവും ചേർന്നതാണ്. ആകാശത്തിലായാലും വെള്ളത്തിലായാലും അതിനൊരു പൊതു സ്വഭാവമുണ്ട് (പറന്നകലാനും/ പറന്നടുക്കാനും, നീന്തി അകലാനും/ നീന്തി അടുക്കാനും, മനുഷ്യന് പിടിക്കാനും/ തടുക്കാനും). അതുകൊണ്ടവ തമ്മിൽ സാമ്യമില്ലെങ്കിൽ അതിന്റെ കാരണമായിരുന്നു അന്വേഷിച്ചു കണ്ടെത്തേണ്ടിയിരുന്നത്.

ഒരാൾക്കുരങ്ങ് തോണി തുഴഞ്ഞ് വന്ന് ഒരു കുട്ടിയെ രക്ഷിച്ച സംഭവം ഈയിടെ വായിച്ചു. പരിണാമസിദ്ധാന്തത്തിനു തെളിവ് ഉദ്ധരിച്ചതാണ്. ആൾക്കുരങ്ങിന് മനുഷ്യനെപ്പോലെ ചിന്തിച്ചു തീരുമാനമെടുക്കാനുള്ള കഴിവുണ്ടെന്ന് ഇതിലൂടെ വാദിക്കാം. മനുഷ്യന്റെ പൂർവികർ കുരങ്ങുകളായിരുന്നു എന്നെങ്ങനെയാണ് ഇതിൽനിന്നും വാദിക്കാനാവുക? മനുഷ്യനെപ്പോലെ ജീവികൾക്കും ചിന്തിക്കാനും പ്ലാൻ ചെയ്യാനും കഴിയില്ലെന്നാരാണ് പറഞ്ഞത്? ഖുർആനിൽ ‘ഹുദ് ഹുദ്’ (മരക്കൊത്തി) പക്ഷിയെ കുറിച്ച് പറയുന്നുണ്ട്. ഒരു മനുഷ്യന്റെ അതേ പ്രകൃതത്തിലാണ് അത് ചിന്തിക്കുന്നതും സുലൈമാൻ നബിയുമായി ആശയവിനിമയം നടത്തുന്നതും. മാത്രമല്ല ശിക്ഷയിൽനിന്നും രക്ഷപ്പെടാൻ മനുഷ്യൻ ചെയ്യുന്നതുപോലെ കള്ളക്കഥകൾ മെനഞ്ഞുണ്ടാക്കാൻ വരെ അവർക്ക് കഴിയുമെന്നാണ് ‘നീ സത്യം പറയുന്നവയുടെ കൂട്ടത്തിലാണോ അതോ കളവു പറയുന്നവയുടെ കൂട്ടത്തിലാണോ എന്നുടനെ നാം തിരിച്ചറിയും’ എന്നു പറഞ്ഞ് ബൽഖീസ് രാജ്ഞിക്ക് ഒരു കത്തെഴുതി അതിനെ ഏൽപിക്കുന്ന സുലൈമാൻ നബിയുടെ വാക്കുകളിൽനിന്നും നാം മനസ്സിലാക്കിയെടുക്കേണ്ടത്. സമാനമായ പല സംഭവങ്ങളും ഖുർആനിലും ഹദീസിലും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

ഒരു കോശത്തെ കിട്ടിയാൽ പോലും ജീവിയെ പുനഃസൃഷ്ടിക്കാൻ കഴിയുന്ന ആധുനിക ശാസ്ത്രത്തിനു ക്രോമസോമുകളുടെ എണ്ണവും ജെനിറ്റിക് കോഡും വ്യത്യാസപ്പെടുത്തി പ്രത്യുൽപാദന ശേഷിയുള്ള ഒരു പുതിയ ജീവിയെ സൃഷ്ടിക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല?

ചില വിഡ്ഢിത്തങ്ങൾ നാം കൊണ്ടാടും, കുറച്ചു കാലത്തേക്ക്; രാമർ പെട്രോൾ പോലെ. പക്ഷേ, പരിണാമ സിദ്ധാന്തത്തെപോലെ കൊണ്ടാടിയ ഒരു വിഡ്ഢിത്തം ശാസ്ത്രലോകത്തില്ല. കാരണമുണ്ട്, മതവിശ്വാസിയെ അടിക്കാനുള്ള ഒരു വടിയായിട്ടാണ് പലരും പരിണാമസിദ്ധാന്തത്തെ കണ്ടത്. ■